പതിനാലാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 1626

31-01-2018 ൽ മറുപടിക്ക്

**ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ മണ്ണ് സംരക്ഷണത്തിനായുള്ള പ്രവർത്തനങ്ങൾ**

ചോദ്യം

ശ്രീ.പി.ഉണ്ണി

മറുപടി

ശ്രീ.വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മണ്ണ് സംരക്ഷണത്തിന്റെ ഭാഗമായി ഒറ്റപ്പാലം നിയോജക മണ്ഡലത്തിൽ എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തുകയുണ്ടായി എന്ന് വെളിപ്പെടുത്തുമോ; | (എ) | മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് മുഖേന ഒറ്റപ്പാലം നിയോജക മണ്ഡലത്തിൽ നബാർഡിന്റെ ആർ.ഐ.ഡി.എഫ് പദ്ധതിയുടെ 20-ാം ഘട്ടത്തിൽ ഭരണാനുമതി നൽകിയ കുളങ്ങളുടെ പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി തച്ചനാട്ടുകര പഞ്ചായത്തിലെ തള്ളച്ചിറക്കുളത്തിന്റെ പുനരുദ്ധാരണം 6.91 ലക്ഷം രൂപ ചെലവഴിച്ച് നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | ജലസംരക്ഷണം കാര്യക്ഷമമാക്കുന്നതിനായി മണ്ണ് പര്യവേഷണ സംരക്ഷണ വകുപ്പ് മുഖേന ഒറ്റപ്പാലം മണ്ഡലത്തിലെ ഏതെല്ലാം കുളങ്ങളുടെ ആഴം വർദ്ധിപ്പിക്കുന്നതിനാണ് ഈ സർക്കാർ ഫണ്ട് അനുവദിച്ചതെന്ന് വ്യക്തമാക്കുമോ; വിശദാംശം ലഭ്യമാക്കാമോ? | (ബി) | ജലസംരക്ഷണം കാര്യക്ഷമമാക്കുന്നതിനായി മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് മുഖേന ഒറ്റപ്പാലം മണ്ഡലത്തിലെ തള്ളച്ചിറക്കുളത്തിന്റെ പുനരുദ്ധാരണത്തിനായി 7.50 ലക്ഷം രൂപ അനുവദിച്ചതിൽ 6.91 ലക്ഷം രൂപ ചെലവഴിച്ച് പുനരുദ്ധാരണ പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ ആർ.ഐ.ഡി.എഫ് പദ്ധതിയുടെ 23-ാം ഘട്ടത്തിൽ പരിഗണിക്കുന്നതിനായി ഒറ്റപ്പാലം മുൻസിപ്പാലിറ്റിയിലെ പഴംകുർണിക്കുളം, മന്നാടിക്കുളം, കടമ്പഴിപുറം പഞ്ചായത്തിലെ വായില്യാംകുന്ന് ശിവക്ഷേത്രക്കുളം, പൂക്കോട്ടുകാവ് പഞ്ചായത്തിലെ ചേരാംകുളം, കരിമ്പുഴ പഞ്ചായത്തിലെ തിരുവളയനാട്ടുകാവ് ആറാട്ടുകുളം എന്നീ കുളങ്ങളുടെ പുനരുദ്ധാരണത്തിനുള്ള പദ്ധതി രൂപരേഖ തയ്യാറാക്കി അനുമതിയ്ക്കായി നബാർഡിൽ സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ